**സമുദ്ര സുരക്ഷയുമായി ബന്ധപ്പെട്ടുള്ള ആദ്യത്തെ ഇന്ത്യ-ഗ്രീസ് സംഭാഷണം (ഡിസംബർ 11 2025)**

ഡിസംബർ 11, 2025

സമുദ്ര സുരക്ഷയുമായി ബന്ധപ്പെട്ടുള്ള ആദ്യ ഇന്ത്യ-ഗ്രീസ് സംഭാഷണം 2025 ഡിസംബർ 11-ന് ഗ്രീസിലെ ഏഥൻസ് നഗരത്തിൽ സംഘടിപ്പിച്ചു. ഗ്രീക്ക് വിദേശകാര്യ ഡെപ്യൂട്ടി മിനിസ്റ്റർ അംബാസഡർ അലക്സാണ്ട്ര പാപഡോപൗലോയുടെ പ്രസംഗത്തോടെയാണ് യോഗം ആരംഭിച്ചത്. വിദേശകാര്യ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി (നിരായുധീകരണവും അന്താരാഷ്ട്ര സുരക്ഷാ കാര്യങ്ങളും) ശ്രീമതി മുഅൻപുയി സയാവിയാണ് ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചത്. ഗ്രീക്ക് പ്രതിനിധി സംഘത്തെ നയിച്ചത് പൊളിറ്റിക്കൽ ഡയറക്ടർ അംബാസഡർ ആൻഡ്രിയാസ് ഫ്രൈഗാനാസും വിദേശകാര്യ മന്ത്രാലയത്തിലെ UNSC ടാസ്ക് ഫോഴ്സ് മേധാവി അംബാസഡർ മരിയ തിയോഫിലിയുമാണ്.

2. മെഡിറ്ററേനിയൻ, ആർട്ടിക്, ഇന്തോ-പസഫിക് മേഖലകളിലെ സമുദ്ര സ്ഥിതിഗതികളെക്കുറിച്ച് ഇരുപക്ഷവും തങ്ങളുടെ വീക്ഷണങ്ങൾ പങ്കിട്ടു. ഉഭയകക്ഷി സഹകരണത്തിലൂടെയും ബഹുരാഷ്ട്ര വേദികളിലെ ഇടപഴകലിലൂടെയും സാമ്പത്തിക വളർച്ചയ്ക്കും സമൃദ്ധിക്കും പിന്തുണ നൽകുന്ന സുരക്ഷിതവും ഭദ്രവുമായ സമുദ്ര അന്തരീക്ഷം എങ്ങനെ നിലനിർത്താമെന്ന് അവർ ചർച്ച ചെയ്തു. സമുദ്ര മേഖലയെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കൽ, സമുദ്ര സമ്പദ്‌വ്യവസ്ഥയുടെ സുസ്ഥിര വികസനം, മാനവിക സഹായം, ദുരന്ത നിവാരണം, നാവിക സഹകരണം, ഷിപ്പിംഗ് മേഖലകളിൽ വർദ്ധിച്ച ഇടപെടലിലൂടെ സമുദ്ര ബന്ധം മെച്ചപ്പെടുത്തൽ എന്നിവയിലെ സഹകരണത്തിനുള്ള വഴികളും അവർ പരിശോധിച്ചു.

3. സമുദ്ര മേഖലയിലെ എല്ലാ വിഭാഗങ്ങളിലും ഈ ബന്ധം കൂടുതൽ മുന്നോട്ട് കൊണ്ടുപോകാൻ ഇരുപക്ഷവും സന്നദ്ധത പ്രകടിപ്പിക്കുകയും, ഈ ചരിത്രപരമായ ആദ്യത്തെ സംഭാഷണത്തിൽ ധാരണയായയിലെത്തിയ കാര്യങ്ങൾ പൂർത്തിയാക്കിയതിന് ശേഷം

പരസ്പരം സൗകര്യപ്രദമായ ഒരു തീയതിയിൽ ന്യൂഡൽഹിയിൽ അടുത്ത ചർച്ചകൾ നടത്താമെന്ന് സമ്മതിക്കുകയും ചെയ്തു

**ഏഥൻസ്**

**ഡിസംബർ 11, 2025**